# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്

**2024 മാർച്ച് 20**

---

## അന്താരാഷ്ട്ര കോൺഫറൻസ് നാളെ മുതൽ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സിൽ നെൽസൺ മണ്ടേല ചെയർ ഫോർ ആഫ്രോ-ഏഷ്യൻ സ്റ്റഡീസിൻറെ നേതൃത്വത്തിലുള്ള ദ്വിദിന രാജ്യാന്തര കോൺഫറൻസ് നാളെ(മാർച്ച് 22) ആരംഭിക്കും. രാവിലെ പത്തിന് വൈസ് ചാൻസലർ പ്രഫ. സി.ടി അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യും.

എ.കെ രാമകൃഷ്ണൻ(ജവഹർലാൽ നെഹ്റു സർവകലാശാല), ഡോ. കരോളിൻ എം. ഷോഫ്(ഫിലിപ്പൈസൻസ് സർവകലാശാല), മുഞ്ജിറ ജെഫോട്(യോർക്ക് യൂണിവേഴ്സിറ്റി, കാനഡ), സമാവിയ സിയ(പഞ്ചാബ് യൂണിവേഴ്സിറ്റി, പാക്കിസ്ഥാൻ), എം.ജി. സർവകലാശാലാ രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ എന്നിവർ സംസാരിക്കും.

തുടർന്ന് വിവിധ രാജ്യങ്ങളിൽ നിന്നുള്ള ഗവേഷകർ പ്രബന്ധങ്ങൾ അവതരിപ്പിക്കും.

മഹാത്മാ ഗാന്ധി സർവകലാശാല, നൈറോബി സർവകലാശാല, യോർക് സർവകലാശാല, ഫിലിപ്പൈൻസ് സർവകലാശാല എന്നിവ സംയുക്തമായാണ് പരിപാടി നടത്തുന്നത്.

(പി.ആർ.ഒ/39/264/2024)

## വൈവ വോസി

മൂന്നാം സെമസ്റ്റർ എം.എഡ്(2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി - ജനുവരി 2024) പരീക്ഷയുടെ വൈവ വോസി പരീക്ഷ ഏപ്രിൽ ഒന്നു മുതൽ അഞ്ചു വരെ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടക്കും.

വിദ്യാർഥികൾ ഹാൾടിക്കറ്റും തീസീസിൻറെ രണ്ടു കോപ്പികളുമായി പരീക്ഷയ്ക്ക് ഹാജരാകണം. ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/265/2024)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

മെയ് 21ന് രണ്ടിന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി.എഡ്(ക്രെഡിറ്റ് ആൻറ് സെമസ്റ്റർ - 2023 അഡ്മിഷൻ റഗുലർ, 2021,2022 അഡ്മിഷനുകൾ സപ്ലിമെൻററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018,2019 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ് - അഫിലിയേറ്റഡ് കോളജുകളും സീപാസും) പരീക്ഷകൾക്ക് ഏപ്രിൽ അഞ്ചു വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

ഫൈനോടു കൂടി ഏപ്രിൽ എട്ടു വരെയും സൂപ്പർ ഫൈനോടു കൂടി ഏപ്രിൽ 12 വരെയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/266/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**